II. <u>അടിയന്തരപ്രമേയം</u>

<u>വിദ്യാർത്ഥി മാർച്ചിനുനേരെ നടന്ന പോലീസ് ലാത്തിച്ചാർജ്ജ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സർവ്വകലാശാലകളെ തകർക്കരുത്, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറെ പുറത്താക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് എസ്.എഫ്.ഐ. പ്രവർത്തകർ കോഴിക്കോട് സർവ്വകലാശാലയിലേക്ക് നടത്തിയ മാർച്ചിനുനേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ഉൾപ്പെടെ നാൽപ്പതോളം വിദ്യാർത്ഥികൾക്ക് ഗുരുതരമായ പരിക്കുപറ്റിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എ. പ്രദീപ് കുമാർ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അബ്ദുൾ സലാം ഇരട്ട ശമ്പളം വാങ്ങുന്നത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്.എഫ്.ഐ. സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 350-ഓളം എസ്. എഫ്.ഐ. പ്രവർത്തകർ 09-06-2014-ന് ഉച്ചയ്ക്ക് 12.30-ഓടുകൂടി കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഫീസിലേക്ക് മാർച്ച് നടത്തി. അവർ യൂണിവേഴ്സിറ്റി ഓഫീസിന്റെ മെയിൻ ഗേറ്റിന് സമീപമെത്തിയപ്പോൾ മലപ്പുറം ഡിവൈ.എസ്. പി.-യുടെ നേതൃത്വത്തിലുണ്ടായിരുന്ന പോലീസ് പാർട്ടി അവരെ ഗേറ്റിനുമുന്നിൽ തടയുന്ന സമയം പെട്ടെന്ന് പ്രകോപിതരായ അവർ

പോലീസിനുനേരെ കല്ലെറിയുകയും കൊടികെട്ടിയ വടികൊണ്ട് അടിക്കുകയും ചെയ്തു. അക്രമാസക്തരായ പ്രവർത്തകരോട് പിരിഞ്ഞു പോകാൻ പോലീസ് ആവശ്യപ്പെട്ടിട്ടും അത് വകവയ്ക്കാതെ കല്ലേറ് തുടർന്നതിനാൽ അവരെ ലാത്തിവീശി വിരട്ടി ഓടിച്ചിട്ടുള്ളതാണ്. കല്ലേറിൽ മലപ്പുറം ഡിവൈ.എസ്.പി. അഭിലാഷിനും മറ്റ് ഒൻപത് പോലീസ് ഉദ്യോഗസ്ഥർക്കും പരിക്കേറ്റു. ഹെൽമെറ്റുകൾ, റയട്ട് ഷീൽഡുകൾ എന്നിവ കേടുപറ്റിയതിനാൽ ഏകദേശം പതിനായിരം രൂപയുടെ നഷ്ടം സംഭവിച്ചു. സ്ഥലത്തുനിന്ന് 22 സമരക്കാരെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്ന് അവരുടെ പേരിൽ ഐ.പി.സി. 143, 147, 148, 283, 353, 332, 333, 307, 149 എന്നീ വകുപ്പുകളും പി.ഡി.പി.പി. ആക്ട് സെക്ഷൻ 3(1) വകുപ്പുപ്രകാരവും ക്രൈം നമ്പർ 391/14 ആയി തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. അറസ്റ്റ് ചെയ്ത 22 പ്രതികളെ ബഹുമാനപ്പെട്ട പരപ്പനങ്ങാടി ജെ.എഫ്.സി.എം. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ലാത്തിവീശി വിരട്ടി ഓടിച്ചതിനിടയിൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ടി. പി. ബിനീഷ് ഉൾപ്പെടെ പത്തുപേർ പരിക്കേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ തേടിയതായും ഇതിൽ ബിനീഷിന്റെ കൈകൾക്ക് പൊട്ടലുള്ളതായും അറിവായിട്ടുണ്ട്. സർവ്വകലാശാല തകർക്കരുത്, അയോഗ്യനായ വി. സി. രാജിവയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്.എഫ്.ഐ. കണ്ണൂർ ജില്ലാ കമ്മിറ്റി പ്രസിഡന്റ് പ്രശോഭിന്റെ നേതൃത്വത്തിൽ 300-ഓളം എസ്.എഫ്.ഐ. പ്രവർത്തകർ 09-06-2014-ന് ഉച്ചയ്ക്ക് ഒരു മണിയോടെ കണ്ണൂർ യൂണിവേഴ്സിറ്റി ഓഫീസിലേക്ക് നടത്തിയ മാർച്ച് കണ്ണൂർ ഡിവൈ. എസ്.പി.-യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം യൂണിവേഴ്സിറ്റി മന്ദിരത്തിനുമുന്നിൽ വച്ച് തടഞ്ഞു. എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് ഷിജു

ഖാൻ മാർച്ച് ഉദ്ഘാടനം ചെയത് സംസാരിച്ചുകൊണ്ടിരിക്കെ പ്രവർത്തകർ മതിൽ ചാടിക്കടന്ന് യൂണിവേഴ്സിറ്റി ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു. പോലീസ് പാർട്ടി അവരെ തടഞ്ഞ് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടപ്പോൾ പോലീസിനുനേരെ കല്ലെറിയുകയും കൊടികെട്ടിയ കമ്പുകൊണ്ട് പോലീസിനെ അടിക്കുകയും ചെയ്തു. സംഭവസ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവുപ്രകാരം പോലീസ് ജലപീരങ്കിയും ടിയർഗ്യാസും പ്രയോഗിച്ചു. എന്നിട്ടും പിരിഞ്ഞുപോകാതെ അക്രമത്തിൽ ഏർപ്പെട്ട പ്രവർത്തകരെ നിയമാനുസൃതം ലാത്തിച്ചാർജ്ജ് ചെയ്ത് പിരിച്ചുവിടുകയുണ്ടായി. കണ്ണൂർ ഡിവൈ.എസ്.പി. സന്തോഷ്കുമാറിനും മൂന്ന് എസ്.ഐ.-മാർക്കും ഒരു ഗ്രേഡ് എസ്.ഐ., 2 സീനിയർ സി.പി.ഒ.-മാർ മൂന്ന് സി.പി.ഒ.-മാർ എന്നിവർക്കും പരിക്കേറ്റു. ഇതിൽ ഗ്രേഡ് എസ്.ഐ. ജനാർദ്ദനന് കണ്ണിന് പരിക്കുണ്ടായിട്ടുണ്ട്. കല്ലേറിൽ ജലപീരങ്കി വാഹനത്തിന്റെ ഹെഡ് ലൈറ്റ്, ടോപ് ലൈറ്റ് എന്നിവയ്ക്ക് കേട് സംഭവിച്ചു. ലാത്തിച്ചാർജ്ജിൽ മറിഞ്ഞുവീണ എസ്.എഫ്.ഐ. കേന്ദ്രകമ്മിറ്റിയംഗം ഷാജർ, പ്രവർത്തകരായ ഷിജിൻ, റഹൻരാജ്, വാജിദ്, രഞ്ജിത്ത്, റംഷാദ്, മിബിലി, മുഹമ്മദ് അഫ്സൽ, സുബിൻ, അഖിൽ എന്നിവർക്ക് പരിക്കേറ്റതായി പറഞ്ഞ് കണ്ണൂർ എ.കെ.ജി. സഹകരണ ആശുപത്രി, കണ്ണൂർ ഗവൺമെന്റ് ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സ തേടി. ഇവരിൽ റഹൻരാജ്, മുഹമ്മദ് അഫ്സൽ, സി.എം. അഖിൽ എന്നീ മൂന്നുപേർ ഒഴികെ മറ്റുള്ളവർ ഒ.പി.-യായി ചികിത്സിച്ചുപോയിട്ടുള്ളതാണ്. കണ്ണൂർ എ.കെ.ജി. ആശുപത്രിയിൽ കഴിയുന്ന റഹൻരാജിന്റെ വലത് കൈയുടെ എല്ലിന് പൊട്ടലുള്ളതായി അറിവായിട്ടുണ്ട്. മറ്റുള്ളവരുടെ പരിക്കുകൾ സാരമല്ല. സംഭവത്തിൽ എസ്.എഫ്.ഐ. കേന്ദ്രകമ്മിറ്റിയംഗം ഷാജർ ഉൾപ്പെടെ 300-ഓളം പേരെ പ്രതികളാക്കി കണ്ണൂർ ടൗൺ പോലീസ്

ഐ.പി.സി. 143, 147, പ്രകാരവും പി.ഡി.പി.പി. ആക്ട് 3(1) പ്രകാരവും ക്രൈം 867/2014 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരികയാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, നോട്ടീസിൽ പറഞ്ഞതുപോലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും കണ്ണൂർ യൂണിവേഴ്സിറ്റിയിലും വൈസ് ചാൻസലർമാരുടെ നേതൃത്വത്തിൽ നടക്കുന്ന അഴിമതിക്കും അനീതിക്കുമെതിരായാണ് എസ്.എഫ്.ഐ.-യുടെ മാർച്ച് സംഘടിപ്പിച്ചത്. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിൽ പറഞ്ഞത്, ഈ സമരത്തിൽ പങ്കെടുത്ത ആളുകൾ അക്രമം നടത്തിയപ്പോൾ ലാത്തി വീശി അവരെ ഓടിക്കുക മാത്രമാണ് ചെയ്തത്, അതിനിടയിൽ വീണ് പരിക്കുപറ്റി, മറിഞ്ഞുവീണ് പരിക്കുപറ്റിയെന്നുള്ള നിലയിലാണ്. വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ ക്രൂരമായ മർദ്ദനത്തിന് നേതൃത്വം നൽകിയിട്ടുള്ള പോലീസിന് വെള്ളപൂശുന്ന നിലപാടാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായത്. അവിടെ സാക്ഷികളായിരുന്ന മാദ്ധ്യമപ്രവർത്തകർക്കും സർവ്വകലാശാല ജീവനക്കാർക്കും എല്ലാവർക്കുമറിയാം യാതൊരു പ്രകോപനവുമില്ലാതെയാണ് മർദ്ദനമുണ്ടായതെന്ന്. അക്ഷരാർത്ഥത്തിലുള്ള വിദ്യർത്ഥി വേട്ടയാണ് ഇന്നലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിശേഷിച്ച് നടന്നത്, കണ്ണൂരിലും അത് സംഭവിച്ചു. അവിടെ യാതൊരു മുന്നറിയിപ്പും വിദ്യാർത്ഥികൾക്കു കൊടുത്തില്ല. വിദ്യാർത്ഥികൾ മാർച്ചായി വന്നു, അവിടെയിരന്നു, പ്രസംഗം നടത്തി, ഉദ്ഘാടനം നടക്കുന്നു. ഈ കാര്യങ്ങളൊക്കെ നടന്ന സമയത്ത് പോലീസിന് അവരെ പിരിച്ചുവിടണം പിരിഞ്ഞുപോകണം, അവിടെ സംഘം ചേരുന്നത് നിരോധിക്കുന്നു,

അങ്ങനെയുള്ള നിരോധനാജ്ഞയൊന്നുമുണ്ടായിരുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ സാധാരണഗതിയിൽ മൈക്കിലൂടെ അനൗൺസ് ചെയ്യുമായിരുന്നു. ഒരു സംഘർഷാവസ്ഥ ഉണ്ടായാൽത്തന്നെ ആളുകളെ പിരിച്ചുവിടാൻ അനൗൺസ് ചെയ്യാറുണ്ട്. അങ്ങനെ എന്തെങ്കിലുമൊരു അനൗൺസ്മെന്റ് അവിടെ നടത്തിയിട്ടുണ്ടോ? കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കാര്യത്തിലാണെങ്കിൽ അവിടെ സാധാരണഗതിയിൽ താരതമ്യേന അക്രമാസക്തമായ ആൾക്കൂട്ടമാണെങ്കിൽ ജലപീരങ്കിയൊക്കെ പ്രയോഗിച്ചിട്ടും ഫലമില്ലെങ്കിൽ മാത്രമാണല്ലോ ലാത്തിച്ചാർജ്ജിനും ബലപ്രയോഗത്തിനുമൊക്കെ പോകുന്നത്. അങ്ങനെയൊരു ജലപീരങ്കി പ്രയോഗംപോലും അവിടെ ഉണ്ടായിട്ടില്ല. കണ്ണൂരിൽ ജലപീരങ്കി പ്രയോഗവും പോലീസിന്റെ അടിയുമുണ്ടായി. ഇവിടെ വളരെ ക്രൂരമായിട്ടുള്ള മർദ്ദനമാണ് ഉണ്ടായത്. ഇന്നത്തെ പത്രങ്ങളിൽ വന്നതാണ്. എസ്.എഫ്.ഐ.-യുടെ സംസ്ഥാന സെക്രട്ടറി ബിനീഷിന്റെ ഒരു ഫോട്ടോയാണ്. രണ്ട് കൈകളും തല്ലിയൊടിച്ചുകളഞ്ഞു. കേന്ദ്രകമ്മിറ്റിയംഗം സുബിൻ ദാസിന്റെ തലയ്ക്ക് ഗുരുതരമായ പരിക്കുപറ്റുകയും കൈകൾക്ക് പൊട്ടലുമുണ്ട്. വളരെ ലാഘവത്തിലാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സംഭവിച്ചിട്ടുള്ള പരിക്കുകളെപ്പറ്റി പോലീസ് എന്തോ ഒരു തൂവൽസ്പർശം നടത്തിയെന്ന നിലയിലാണ് അവതരിപ്പിച്ചത്. കാലിക്കറ്റ് സർവ്വകലാശാല പരിധിയിൽ വച്ച് തൃശൂർ ജില്ലാസെക്രട്ടറി സെന്തിലിന്റെ കൈ അടിച്ചൊടിച്ചു. സഖാവ് ജിതിൻ രാജ് എസ്എഫ്.ഐ.-യുടെ ഭാരവാഹിയാണ്. ഷോൾഡറിന് പരിക്കേറ്റു. അതുപോലെ ഫ്രാൻസിസിന്റെ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റു. വിജീഷിന്റെ വാരിയെല്ലിന് ഗുരുതരമായി പരിക്കേറ്റു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മുമ്പിൽ നാൽപ്പതിലധികം പേർക്ക് പരിക്കുപറ്റിയതിൽ

പതിനഞ്ചുപേരുടേത് ഗുരുതരമായതാണ്. 22 പേരെ അറസ്റ്റ് ചെയ്തുവെന്ന് പറയുന്നത് ശരിയാണ്. കണ്ണൂർ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനായ അഫ്സലിന്റെ തല അടിച്ചുപൊളിച്ചു, എട്ട് സ്റ്റിച്ചാണ് ഇട്ടത്. അതിന്റെ എന്തെങ്കിലുമൊരു വേദന അങ്ങയുടെ പ്രസ്താവനയിൽ ഉണ്ടായില്ലല്ലോ. റഹാജ് എന്നുപറയുന്ന പയ്യന്നൂർ ഏരിയ സെക്രട്ടറിയെ ചവിട്ടികൂട്ടുകയാണ് പോലീസ് ചെയ്തത്. ഈ വിദ്യാർത്ഥികൾ സമരം ചെയ്തത് എന്തിനായിരുന്നുവെന്ന് അങ്ങേയ്ക്ക് അറിയാമോ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ ശ്രദ്ധയ്ക്കായി പറയുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് എല്ലാ സർവ്വകലാശാലകളുടെയും ചുക്കാൻ പിടിക്കുന്ന വൈസ് ചാൻസലർമാർ ആരോപണങ്ങൾക്ക് വിധേയരാകുകയും വിജിലൻസ് അന്വേഷണം നേരിടുകയും വിജിലൻസ് കോടതിയുടെ പരാമർശം വരികയുമൊക്കെ ചെയ്തു. 6 കേസുകളാണ് കാലിക്കട്ട് വി.സി.-ക്ക് എതിരായിട്ടുള്ളത്. അദ്ദേഹം ഇരട്ട വേതനം കൈപ്പറ്റുന്ന പ്രശ്നം ഇപ്പോഴുണ്ട്. അദ്ദേഹത്തെ പുറത്താക്കാനല്ല ആവശ്യപ്പെട്ടത്. നമ്മുടെ സർവ്വീസ് ചട്ടങ്ങളനുസരിച്ച് ............(ബഹളം)..............

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പറയട്ടെ. പറയുന്നത് കേൾക്കാൻ പറ്റില്ല.

ശ്രീ. എ. പ്രദീപ് കുമാർ: വൈസ് ചാൻസലർ നേരത്തെ പ്രൊഫസറായിരുന്ന കാർഷിക സർവ്വകലാശാലയിലെ അടിസ്ഥാന ശമ്പളത്തിലും ക്ഷാമബത്തയിലുംനിന്ന് അടിസ്ഥാന പെൻഷൻ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നുണ്ട്. പക്ഷേ കാലിക്കട്ട് വി.സി. വാങ്ങുന്നത് എന്തൊക്കെയാണ്? കാർഷിക സർവ്വകലാശാലയിൽനിന്ന് ക്ഷാമബത്തയും മെഡിക്കൽ അലവൻസും സ്പെഷ്യൽ അലവൻസും വാങ്ങുന്നു, കാലിക്കട്ട്

സർവ്വകലാശാലയിൽനിന്ന് സ്പെഷ്യൽ അലവൻസും മെഡിക്കൽ അലവൻസും വാങ്ങുന്നു. വൈസ് ചാൻസലർ തീവെട്ടിക്കൊള്ള നടത്തുകയാണ്. ഈ വൈസ് ചാൻസലറെക്കുറിച്ച് ഈ സഭ നേരത്തെയും ചർച്ച ചെയ്തതാണ്. അതുപോലെതന്നെ കണ്ണൂർ വൈസ് ചാൻസലറായ ഖാദർ മങ്ങാടിനെതിരെ, അദ്ദേഹത്തിന്റെ ബിരുദവും അദ്ദേഹം സമർപ്പിച്ച യോഗ്യതാ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളുണ്ട്. നമ്മുടെ സർവ്വകലാശാലകൾക്ക് അപമാനം വരുത്തുന്ന, അഴിമതിക്ക് ചുക്കാൻ പിടിക്കുന്നവരെ വി.സി.-മാരാക്കിവച്ചു. സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ളവർക്ക് പരീക്ഷയിൽ കൃത്രിമം കാണിക്കാനുതകുന്ന വിധത്തിൽ പരീക്ഷയുടെ ഫാൾസ് നമ്പർ സമ്പ്രദായം നിർത്തലാക്കിയത് ഈ ഗവൺമെന്റാണ്. ആരെ സഹായിക്കുന്നതിനാണ് ഫാൾസ് നമ്പർ സമ്പ്രദായം നിർത്തലാക്കിയത്? പരീക്ഷ എഴുതിയ വിദ്യാർത്ഥി ആരാണെന്ന് അറിയാതെ തന്നെ വാല്യൂ ചെയ്യാൻവേണ്ടിയാണ് ഫാൾസ് നമ്പറിട്ടത്. ആ ഫാൾസ് നമ്പർ സമ്പ്രദായം നിർത്തിലാക്കിയത് ആരെ സഹായിക്കാനാണ്? ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ ഇതുപോലെയുള്ള അന്യായമായ നടപടികൾ, അഴിമതിയും അനീതിയും നടക്കുമ്പോൾ അവിടെ ഗവൺമെന്റ് ഇടപെട്ട് പരിഹാരമുണ്ടാക്കുന്നില്ലെങ്കിൽ വിദ്യാർത്ഥികൾക്ക് സമരം ചെയ്യുകയല്ലാതെ എന്താണ് മാർഗ്ഗം? ഈ ഗവൺമെന്റ് വന്നതിനുശേഷം ഗവൺമെന്റിന്റെ തന്നെ തെറ്റായ തീരുമാനത്തിനെതിരെ വിദ്യാർത്ഥികൾക്ക് എത്ര സമരങ്ങൾ ചെയ്യേണ്ടിവന്നു? കണ്ണൂർ സർവ്വകലാശാലയിലെ ഫീസ് വർദ്ധനവ്, അത് സർവ്വകലാശാലയുടെ തീരുമാനമാണ്. അതിനെതിരെയുള്ള സമരം വിദ്യാർത്ഥികൾ നടത്തി വിജയിപ്പിച്ചതാണ്. ഗവൺമെന്റ് ഇടപെട്ട് പരിഹരിച്ചതല്ല. നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിയെ അനധികൃതമായി

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശിപ്പിച്ചതിനെതിരായി നടന്ന സമരത്തിൽ പോലീസ് വെടിവയ്പ്പുപോലും നടത്തി. വിദ്യാർത്ഥികൾ സമരം ചെയ്തതിന്റെ ഭാഗമായാണ് അന്യായമായ ആ അഡ്മിഷൻ ഒഴിവാക്കപ്പെട്ടത്. കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽനിന്ന് അന്യായമായി പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുക്കണം. വിദ്യാർത്ഥി സമരത്തെത്തുടർന്നാണ് ഇക്കാര്യത്തിലും തീരുമാനമുണ്ടായത്. അതുപോലെതന്നെ വെറ്ററിനറി കോളേജിലെ ഫീസ് വർദ്ധനവ് അന്യായമായിരുന്നു. ഗവൺമെന്റ് ഇടപെട്ട് പരിഹരിച്ചില്ല. വിദ്യാർത്ഥികൾ സമരം ചെയ്തതിന്റെ ഭാഗമായി അവസാനം അംഗീകരിക്കേണ്ടിവന്നു. ഇങ്ങനെ ന്യായമായ ആവശ്യങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ വിദ്യാർത്ഥികൾ ഉന്നയിക്കുകയും സമരം നടത്തുകയും അതിനെത്തുടർന്ന് അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്തിട്ടുണ്ട്. പോലീസ് വിദ്യാർത്ഥികളെ വേട്ടയാടുന്ന ഒരു സാഹചര്യം വല്ലാതെ വർദ്ധിച്ചുവരുന്നതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അങ്ങൊരു വിദ്യാർത്ഥി നേതാവായിരുന്ന ആളാണ്. അങ്ങ് പണ്ട് കെ.എസ്.യു. പ്രസിഡന്റായിരുന്ന സമയത്ത് ഞാൻ പഠിച്ച കോളേജിൽ വന്നത് എനിക്ക് ഓർമ്മയുണ്ട്. ഞാൻ അന്ന് എസ്.എഫ്. ഐ.–യുടെ യൂണിറ്റ് സെക്രട്ടറിയായിരുന്നു. അന്ന് അങ്ങ് അവിടെ വന്ന് വിദ്യാർത്ഥികളുടെ സംഘബോധത്തെക്കുറിച്ചും സമരവീര്യത്തെക്കുറിച്ചുമൊക്കെ പ്രസംഗിച്ചത് അൽപ്പം അകലെ മാറിനിന്ന് ഞങ്ങളൊക്കെ കേട്ടിട്ടുണ്ട്. ആഭ്യന്തര വകുപ്പുമന്ത്രി അന്ന് പ്രസംഗിച്ചപ്പോൾ ഞങ്ങളാരും അതിൽ അസഹിഷ്ണുത കാണിച്ചിട്ടില്ല. ഒരു വിദ്യാർത്ഥി നേതാവായി കെ.എസ്.യു.–വിന്റെ സംസ്ഥാന പ്രസിഡന്റൊക്കെയായി വന്ന അങ്ങയുടെ ഇപ്പോഴത്തെ

ആഭ്യന്തര ഭരണത്തിൽ വിദ്യാർത്ഥികളെ മർദ്ദിച്ച് ഉല്ലസിക്കുകയാണ് ഇവിടത്തെ പോലീസ്. വിദ്യാർത്ഥി മർദ്ദനത്തിൽ ഒരുതരം സ്പെഷ്യലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ് ഇവിടത്തെ പോലീസുകാർ. ഈ ഗവൺമെന്റ് വന്നതുമുതലുള്ള കഥകളോ അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായതിനു ശേഷമുള്ള കഥയോ ഞാൻ ഇവിടെ പറയുന്നില്ല. കഴിഞ്ഞ രണ്ടുമൂന്നു ദിവസത്തെ പത്രങ്ങളും അതിൽ ഈ കേരളത്തിൽ നടന്ന സംഭവങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതുമൊക്കെ നോക്കൂ. പോലീസ് വിദ്യാർത്ഥികളെ വേട്ടയാടുന്ന കാര്യത്തിൽ ഒരു പ്രത്യേക പ്രാവീണ്യം നേടിയ ആൾക്കാരായിട്ടാണ് നമുക്ക് തോന്നുന്നത്. കഴിഞ്ഞ ദിവസം കോഴിക്കോട് ഡി.ഡി. ഓഫീസിലേക്ക് എസ്.എഫ്.ഐ.-ക്കാരുടെ മാർച്ചിനുനേർക്ക് ഗ്രനേഡ് പ്രയോഗമുണ്ടായി. അതിൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം കിരൺ ഉൾപ്പെടെയുള്ളവർക്ക് പരിക്കേറ്റു. കഴിഞ്ഞ ദിവസം ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ വച്ച് പ്ലസ് ടു കഴിഞ്ഞ ഒരു വിദ്യാർത്ഥിയായ അരുൺകുമാറിനെ തല്ലിച്ചതച്ച സംഭവമുണ്ടായി. അരുൺകുമാറിന്റെ കഴുത്തിനും മൂത്രനാളിക്കും പരിക്കേറ്റു, മൂത്രത്തിൽനിന്ന് രക്തം വരുന്നുവെന്നൊക്കെയുള്ള പത്രവാർത്തയുണ്ടായിരുന്നു. എസ്. ഐ. കൃഷ്ണകുമാറും സംഘവും കൂടിയാണ് അത് ചെയ്തത്. പ്ലസ് ടു പാസ്സായി ഡിഗ്രിക്ക് അഡ്മിഷൻ വാങ്ങുന്നതിനുമുമ്പേ പാർക്കിംഗ് ഫീസ് വാങ്ങുന്ന എന്തോ ഒരു ജോലി ഈ കുട്ടി ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു പോലീസുകാരിയുടെ ഭർത്താവിൽനിന്ന് പാർക്കിംഗ് ഫീസ് ചോദിച്ചതിന്റെ പേരിലാണ് ഈ വിദ്യാർത്ഥിയെ പിടിച്ചുകൊണ്ടുപോയി പോലീസ് ക്രൂരമായി മർദ്ദിച്ചത്. അവിടത്തെ എം.എൽ.എ സഖാവ് ജി. സുധാകരൻ ഉൾപ്പെടെയുള്ളവർ ഇതിനെതിരെ പരാതികൊടുക്കുകയും നടപടിയെടുക്കണെ

മെന്നാവശ്യപ്പെടുകയും ചെയ്തു. എന്തെങ്കിലും ഒരു നടപടി സ്വീകരിച്ചോ? അതുപോലെതന്നെ കേളകത്ത് ഒരു സംഭവമുണ്ടായി. വിചിത്രമായിട്ടുള്ള ഒരു സംഭവം അങ്ങ് ശ്രദ്ധിക്കേണ്ടതായ കാര്യവുമാണ്. സിറിൻ എന്നുപറയുന്ന ഒരു പ്രൊഫഷണൽ വിദ്യാർത്ഥിയെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി ക്രൂരമായി പീഡിപ്പിച്ചതാണ് ആ സംഭവം. എസ്.എഫ്.ഐ.–യുടെ ബാനറും ബോർഡുമൊക്കെ യൂത്ത് കോൺഗ്രസ്സുകാർ നശിപ്പിച്ചുവെന്ന ഒരു ആക്ഷേപമുണ്ടായി. ഇതിനെതിരെ പോലീസിൽ പരാതി കൊടുത്തപ്പോൾ ആ പരാതി പോലും പോലീസ് സ്വീകരിച്ചില്ല. അപ്പോൾ സിറിൻ എന്നുപറയുന്ന വിദ്യാർത്ഥി ഫെയ്സ് ബുക്കിൽ ഒരു പോസ്റ്റ് ഇട്ടു. അതായത് 'പോലീസും യൂത്ത് കോൺഗ്രസ്സുമായി ഒത്തുകളി'. അത് ഒരു രാഷ്ട്രീയ വിമർശനമായി കണ്ടാൽ മതി. അതിനുപകരം ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടതിന്റെ പേരിൽ എസ്.ഐ. സിറിനെ സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തി. നാട്ടുകാരും അവന്റെ കൂടെ പോലീസ് സ്റ്റേഷനിലേക്ക് ചെന്നു. പോലീസ് അവന്റെ കുത്തിനുപിടിച്ചു, കഴുത്തിൽ പിടിച്ചിട്ട് കുനിച്ചുനിർത്തി ഇടിച്ചു. അമ്മയെ കൂട്ടിച്ചേർത്ത് പറഞ്ഞു. അത് ഇവിടെ പറയാൻ സാധിക്കില്ല. മേലിൽ ഫെയ്സ് ബുക്ക് ഉപയോഗിച്ചുപോകരുതെന്നുള്ള കൽപ്പന കൊടുത്തിട്ടാണ് ആ കുട്ടിയെ പറഞ്ഞുവിട്ടത്. 'ദിവസവും ഒരു വിദ്യാർത്ഥിയെ എങ്കിലും തല്ലിയില്ലെങ്കിൽ ഉറക്കം വരാത്തതാണ് ഒരു മുൻ വിദ്യാർത്ഥി നേതാവ് നയിക്കുന്ന കേരളത്തിലെ പോലീസ് സേന' എന്നുപറയുന്നത് അപമാനകരമല്ലേ? വിദ്യാർത്ഥികളെ സമരത്തിന്റെ പേരിലും സംഘം ചേരുന്നതിന്റെ പേരിലും മുദ്രാവാക്യം വിളിക്കുന്നതിന്റെയുമൊക്കെ പേരിൽ വേട്ടയാടുന്ന അങ്ങയുടെ പോലീസ് ഇവിടത്തെ ക്രിമിനലുകളെയും അധോലോക ഗുണ്ടാ സംഘങ്ങളെയും താലോലിക്കുന്ന

തിന്റെ അനുഭവങ്ങളല്ലേ ഇപ്പോൾ കാണുന്നത്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഞാൻ പറയാം. മലാപ്പറമ്പിലെ എ.യു.പി. സ്കൂൾ സ്ഥിതിചെയ്യുന്നത് എന്റെ മണ്ഡലത്തിലാണ്. അത് ബുൾഡോസർ വച്ച് തകർത്തത് ലാഭക്കൊതിയനായ ഭൂമാഫിയ അയച്ച ഏതോ ഒരു മാനേജരാണ്. ആ മാനേജരുടെ പേരിൽ സർവ്വകക്ഷി യോഗ തീരുമാനത്തിന്റെ ഭാഗമായി കേസെടുത്തു. പക്ഷേ അദ്ദേഹത്തെ ഇതുവരെ പിടികൂടിയില്ല. ഒന്നര മാസക്കാലംവരെ വൈകിപ്പിച്ച് മുൻകൂർ ജാമ്യം കിട്ടാൻവരെയുള്ള സൗകര്യം പോലീസ് ചെയ്തുകൊടുത്തു. കോഴിക്കോട് കളക്ടറേറ്റിൽ ലക്ഷക്കണക്കിന് വിലപിടിപ്പുള്ള മരം മുറിച്ച് കടത്തിയ സംഭവം കഴിഞ്ഞ ആഭ്യന്തര വകുപ്പുമന്ത്രിയുടെ കാലത്തുണ്ടായതാണ്. ഇപ്പോൾ അങ്ങ് ആഭ്യന്തര വകുപ്പു മന്ത്രിയാണ്. അതിന്റെ തൊണ്ടിസാധനം നടക്കാവ് പോലീസ് സ്റ്റേഷനിൽ കിടക്കുന്നു. പ്രതികൾക്കെതിരെ കേസെടുത്തിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, പെരിന്തൽമണ്ണയിൽ ക്രിമിനലുകളെ സംരക്ഷിക്കാനായി മന്ത്രിമാർ തന്നെ ഇടപെട്ട ഒരു സംഭവത്തെക്കുറിച്ച് ഞാൻ പറയാം. 'റോസ് ബാർ' എന്നുപറയുന്ന ഒരു ബാറിൽ വച്ച് തല്ലുണ്ടാക്കിയ ഗുണ്ടാസംഘത്തെ പോലീസ് പിടിച്ചപ്പോൾ മുമ്പ് ലീഗ് നേതാവും ഇപ്പോൾ ഐ.എൻ.റ്റി.യു.സി.-യുടെ ആളൊക്കെയായിരിക്കുന്ന പാച്ചീർ സുബൈറും സംഘവും ചേർന്ന് ആ പോലീസ് സ്റ്റേഷനിൽ ചെന്ന് അതിക്രമിച്ചുകയറി അവിടെ സെക്യൂരിറ്റിയായി നിന്ന പോലീസ് ഉദ്യോഗസ്ഥരെ അടിച്ചുവീഴ്ത്തി പ്രതികളെ മോചിപ്പിച്ചുകൊണ്ടുപോയി.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...........യെസ്...........പ്ലീസ് കൺക്ലൂഡ്. 11 മിനിറ്റായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ വേഗം അവസാനിപ്പിക്കാം. കഴിഞ്ഞ ദിവസം അദ്ദേഹത്തെ പിടിക്കാനായി ഒരു എസ്.ഐ. വന്ന് വീട് വളഞ്ഞു. ഉടൻതന്നെ സി.ഐ. എസ്.ഐ.–യെ വിളിച്ച് പറയുകയാണ് – 'അറസ്റ്റ് ചെയ്യേണ്ട, പിൻതിരിഞ്ഞ് പൊയ്ക്കൊള്ളുക' എന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഏതോ ഒരു മന്ത്രി വിളിച്ച് പറഞ്ഞിട്ടാണ് ആ സി.ഐ. തിരിച്ചുപോയതെന്ന് പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തു. ആരാണ് ഈ പാച്ചീരി സുബൈർ എന്നുപറയുന്ന ക്രിമിനലെന്ന് ഡി.വൈ.എസ്.പി.–ക്ക് പോലും അറിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പ്രദീപ് കുമാർ......

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഐ.എം.എ.–ക്കാരെ തല്ലിയതിനും അദ്ദേഹത്തിനെതിരെ ഡോക്ടർമാരുടെ പരാതിയുണ്ട്. കെ.എസ്.ഇ.ബി. സബ് എഞ്ചിനീയറെ തല്ലിയതിന് അദ്ദേഹത്തിനെതിരെ പരാതി കൊടുത്തിട്ടുണ്ട്. മാദ്ധ്യമം ലേഖകനെ തല്ലിയതിനെതിരെ പരാതിയുണ്ട്. ഇങ്ങനെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ പാച്ചീരി സുബൈറിനെ ഗുണ്ടാ ലിസ്റ്റിൽപ്പെടുത്തുകയോ നാട് കടത്തുകയോ ചെയ്തില്ല. അതേസമയം ഈ നാട്ടിലെ സാധാരണ പൊതുപ്രവർത്തകനെ ഗുണ്ടാ ലിസ്റ്റിൽപ്പെടുത്തി നാടുകടത്തുന്ന അങ്ങയുടെ പോലീസ് അത് ചെയ്തില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: 12 മിനിറ്റായി. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇവിടെ കാപ്പ നിയമം വെറും കോപ്പ് നിയമമായി മാറി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..........

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഒറ്റ കാര്യം കൂടി. അങ്ങയുടെ മുമ്പ് ഒരു ആഭ്യന്തര വകുപ്പുമന്ത്രിയുണ്ടായിരുന്നല്ലോ? -ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അന്നത്തെ പോലീസ് രാഷ്ട്രീയ എതിരാളികളെ കള്ളക്കേസിൽ കുടുക്കുമായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പ്രദീപ് കുമാർ 12 മിനിറ്റ് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. പ്രദീപ് കുമാർ: സർ, അവസാനിപ്പിക്കാം. സരിതാ നായർക്ക് ജയിലിൽനിന്ന് കോടതിയിലേക്ക് കൊണ്ടുപോകുമ്പോൾ അകമ്പടി പോയി വിരുന്ന് ഒരുക്കിക്കൊടുത്തു. അതുപോലെ ജീപ്പിൽ തൂക്കിയിട്ട് കൊണ്ടു പോകേണ്ട ശാലുമേനോന് ആഡംബരക്കാറിൽ അകമ്പടി പോയി. രണ്ടര വർഷക്കാലം ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..........

ശ്രീ. എ. പ്രദീപ് കുമാർ: സർ, തന്റെ കത്തിവേഷം ആടിത്തിമിർത്തശേഷം, ഇപ്പോൾ അദ്ദേഹം ഇരിക്കുന്നത് കണ്ടില്ലേ? കട്ടപ്പുറത്തായ കെ.എസ്. ആർ.ടിസി.-യെയും കെട്ടിപ്പിടിച്ച് കട്ടയും പടവും മടങ്ങിയിരിക്കുന്നത് കണ്ടില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....യെസ്.....പ്ലീസ് കൺക്ലൂഡ്..........

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഈ അവസ്ഥ അങ്ങേയ്ക്ക് ഉണ്ടാകരുത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മാറി ശ്രീ. രമേശ് ചെന്നിത്തല വന്നാൽ

പോലീസ് ഭരണം നേർവഴിക്കാകുമെന്ന് പ്രഖ്യാപിച്ചത് ചില കോൺഗ്രസ്സുകാരാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്......ഒറ്റ സെന്റൻസ്.....പ്ലീസ് കൺക്ലൂഡ്...........

ശ്രീ. എ. പ്രദീപ് കുമാർ: സർ, ചില സാധുക്കൾ അത് വിശ്വസിച്ചു. പക്ഷേ തിരുവഞ്ചൂർ രാധാകൃഷ്ണൻ മാറി ശ്രീ. രമേശ് ചെന്നിത്തല വന്നിട്ട് ഇവിടത്തെ പോലീസ് ഭരണത്തിന് ഒരു മാറ്റവുമുണ്ടായില്ലെന്ന് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഇന്നലെ റിപ്പോർട്ടർ ചാനലിൽ പറയുകയുണ്ടായി. തിരുവഞ്ചൂരും ചെന്നിത്തലയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് റിപ്പോർട്ടർ ചാനലുകാരൻ ചോദിച്ചപ്പോൾ ശ്രീ. പി. സി. ജോർജ് പറഞ്ഞത്, വ്യത്യാസം മറ്റൊന്നുമില്ല, ഒരാൾ നല്ല കറുകറുത്ത നായരാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പ്രദീപ് കുമാർ പ്ലീസ് കൺക്ലൂഡ്..........

ശ്രീ. എ. പ്രദീപ് കുമാർ: മറ്റെയാൾ നല്ല വെളുവെളുത്ത നായരാണ്. അതല്ലാതെ മറ്റൊരു വ്യത്യാസവുമില്ലെന്ന് ശ്രീ. പി. സി. ജോർജ് പറയുകയുണ്ടായി. ഞാൻ പറയുന്നതല്ല, ഞാൻ അങ്ങനെ പറയുകയില്ല. സ്വന്തം അനുഭവത്തിൽ നിന്നാണ് ശ്രീ. പി.സി. ജോർജ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ........(മൈക്ക് ഓഫ്)........

ശ്രീ. എ. പ്രദീപ് കുമാർ: സർ, അതെ. ആയിക്കോട്ടെ. സ്വന്തം അനുഭവത്തിൽ നിന്നാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോലീസ് കൈകാര്യം ചെയ്യുന്ന കാലത്ത് പോലീസ് നോക്കിനിൽക്കെ യൂത്തു കോൺഗ്രസ്സുകാർ ചീഫ് വിപ്പിന്റെ കുടവയറിൽകുത്തി, കോലം കത്തിച്ചു. ...........(മൈക്ക് ഓഫ്)................

മി. ഡെപ്യൂട്ടി സ്പീക്കർ: മൈക്ക് കൊടുത്തേക്ക്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇവിടെ ഒരു വ്യത്യാസവുമില്ല. നമ്മളും അനുഭവപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. എ. പ്രദീപ് കുമാർ: സർ, ശ്രീ. തിരുവഞ്ചൂരിന്റെ പോലീസ് തിരുവനന്തപുരത്ത് സോളാർ സമരകാലത്ത് കേരളത്തിലെ ഒരാളുടെ ജനനേന്ദ്രിയം തകർത്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. എ. പ്രദീപ് കുമാർ: ശ്രീ. രമേശ് ചെന്നിത്തല, ബഹുമാനപ്പെട്ട അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായപ്പോൾ പയ്യോളിയിൽ ഒരു നായരുടെ ജനനേന്ദ്രിയം അങ്ങയുടെ പോലീസ് തകർത്തു. ഒരു വ്യത്യാസമേയു ള്ളൂ......... നാരായണൻ നായർ, മുൻ കോൺഗ്രസ്സുകാരനും എക്സ് സർവ്വീസ്മെനുമായിട്ടുള്ള....... ഇതാണോ ചെയ്യുന്നത്? ഞാൻ പറഞ്ഞു വന്നത് മറ്റൊന്നുമല്ല മുഖമുദ്ര, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോലീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോഴും ശ്രീ. രമേശ് ചെന്നിത്തല പോലീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോഴും ജനകീയ സമരങ്ങൾ അടിച്ചമർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 15 മിനിറ്റായി. ഇനി സമയം തരാൻ സാധിക്കില്ല.

ശ്രീ. എ. പ്രദീപ് കുമാർ: സർ, അവസാനിപ്പിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയമെന്തായി? 15 മിനിറ്റായി. പറയേണ്ടത് മുഴുവൻ പറയാൻ സമയം തന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ക്രിമിനലുകളെ സംരക്ഷിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, അതിന്റെ ഭാഗമായിട്ടാണ് വിദ്യാർത്ഥി സമരത്തോട് ..............(മൈക്ക് ഓഫ്)......... .........(ബഹളം).........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 15 മിനിട്ടിൽ കൂടുതൽ കൊടുത്തു. ...(ബഹളം).... 15 മിനിട്ട് കഴിഞ്ഞില്ലേ... മൈക്ക് കൊടുക്കൂ........

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, കോഴിക്കോട് സർവ്വകലാശാലയിൽ എസ്.എഫ്.ഐ.-യുടെ സംസ്ഥാന സെക്രട്ടറിയെ ഉൾപ്പെടെ.........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഒരു സെന്റൻസിൽ നിർത്തണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഭീകരമായി മർദ്ദിച്ചു കണ്ണൂർ സർവ്വകലാ ശാല......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 16 മിനിട്ട് കഴിഞ്ഞു. ഇത് എന്ത് അടിയന്തിര പ്രമേയമാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ആ സംഭവത്തെക്കുറിച്ചും രണ്ട് സംഭവ ത്തെക്കുറിച്ചും............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എത്ര മിനിട്ട് കൊടുക്കണം?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, അങ്ങ് ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്ത് മാറ്റിനിർത്തിക്കൊണ്ട് അന്വേഷണത്തിന് തയ്യാറാകണം. അതിനെത്തുടർന്ന് കഴിഞ്ഞ ദിവസങ്ങളിലെല്ലാം ഉണ്ടായ സംഭവം സംബന്ധിച്ച് സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ന്യായമായും വ്യവസ്ഥാപിതമായും സമാധാനപരമായ സമരങ്ങളോട് സർക്കാരിന് അനുഭാവം മാത്രമാണുള്ളത്. പ്രത്യേകിച്ച് വിദ്യാർത്ഥി

സമരങ്ങളോട് തികഞ്ഞ സംയമനം പാലിക്കണമെന്നുതന്നെയാണ് പോലീസിന് നൽകിയിട്ടുള്ള നിർദ്ദേശം. നമ്മുടെ സമരങ്ങൾ അക്രമാസക്തമാകുമ്പോഴും പോലീസിനെ ആക്രമിക്കുമ്പോഴും പ്രതിരോധ മെന്നുള്ള നിലയിൽ പോലീസിന് ചിലപ്പോൾ ലാത്തി വീശേണ്ടിവരും. അതൊരു പുതിയ കാര്യമല്ല. കണ്ണൂർ, കോഴിക്കോട് യൂണിവേഴ്സിറ്റികളുടെ മുമ്പിലുണ്ടായ സമരത്തോട് മനപ്പൂർവ്വമായി ബലം പ്രയോഗിക്കാൻ പോലീസ് ഒരുകാരണവശാലും മുന്നോട്ടുവന്നിട്ടില്ലായെന്നുള്ളതാണ് സത്യം. മനപ്പൂർവ്വമായി എസ്.എഫ്.ഐ. പോലെയുള്ള, ഉത്തരവാദപ്പെട്ട ഒരു വിദ്യാർത്ഥി സംഘടന നടത്തുന്ന സമരത്തെ തല്ലിച്ചതയ്ക്കണമെന്നുള്ള ഉദ്ദേശം പോലീസിനുണ്ടായിരുന്നില്ല. അതിന്റെ വീഡിയോ നമ്മുടെ കയ്യിലുണ്ട്. അവിടെ എന്താണ് സംഭവിച്ചതെന്ന് ഞാൻ ശ്രീ. എ. പ്രദീപ്കുമാറിനെ കാണിക്കാം. നമ്മളൊക്കെ വിദ്യാർത്ഥി നേതാക്കൻമാരായിവന്ന ആളുകളാണ്. അതുകൊണ്ട് മനപ്പൂർവ്വമായി......... വീഡിയോ ശ്രീ. ഇ. പി. ജയരാജനേയും കാണിക്കാം. ഈ സമരത്തെ സംബന്ധിച്ചുള്ള .........(ബഹളം)........ ഏതായാലും ഈ സമരങ്ങളോട് ഒരു വിധത്തിലുമുള്ള അസഹിഷ്ണുത സർക്കാരിനില്ല. ജനകീയ സമരങ്ങളോട് തികഞ്ഞ അനുഭാവം മാത്രമാണുള്ളത്. പ്രത്യേകിച്ച് വിദ്യാർത്ഥി സമരങ്ങളോട് അനുഭാവം പ്രകടിപ്പിക്കുകയും വിദ്യാർത്ഥി സമരങ്ങളെ നേരിടേണ്ടതിന് പ്രത്യേകമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇവിടെ നടന്ന രണ്ട് സംഭവങ്ങളിലും പോലീസ് അനാവശ്യമായ ബലപ്രയോഗം നടത്തിയിട്ടില്ല. അതുപോലെതന്നെ പോലീസ് ഉദ്യോഗസ്ഥൻമാരടക്കം നിരവധി ആളുകൾ ഇന്ന് ചികിത്സയിലാണ്. അതു കൊണ്ട് ഇത് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞ മറ്റ് കാര്യങ്ങളെക്കുറിച്ചുള്ള ഡീറ്റെയിൽസ് എന്റെ കയ്യിലില്ല. ഹോമിന്റെ ധനാഭ്യർത്ഥനയിൽ സംസാരിക്കുന്നതുപോലെ യാണ് അങ്ങ് ഇതൊക്കെ പറഞ്ഞത്. അതുസംബന്ധിച്ച് ശ്രീ. ജി. സുധാകരൻ ഇന്നൊരു സബ്മിഷൻ ഉന്നയിക്കുന്നുണ്ട്. ആലപ്പുഴ സംഭവത്തിൽ നടപടിയും എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷനുള്ളതുകൊണ്ട് അപ്പോൾ ഞാൻ മറുപടി പറയാം. ഇതുസംബന്ധിച്ച് പോലീസ് ഒരുകാരണവശാലും വിദ്യാർത്ഥി സമരങ്ങളോട് അസഹിഷ്ണുത കാണിക്കുകയില്ല, അനാവശ്യമായ മർദ്ദനങ്ങൾ നടത്തില്ല, അനാവശ്യമായ ബലപ്രയോഗം നടത്തരുത്, അടിച്ചമർത്തൽ നയമല്ല. ഈ സമരങ്ങളോട് തികഞ്ഞ അനുഭാവം പ്രകടിപ്പിക്കണമെന്നുതന്നെയാണ് പറഞ്ഞിട്ടുള്ള തെന്നാണ് എനിക്ക് സഭയെ അറിയിക്കാനുള്ളത്. അതുകൊണ്ട് ഇത് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണ ത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ സർവ്വകലാശാലകളിലെ കൊടിയ അഴിമതിക്കും കുത്തഴിഞ്ഞ ഭരണത്തിനെതി രെയും യോഗ്യതയില്ലാത്തവർ വൈസ് ചാൻസലർമാരായിരിക്കുന്നതി നെതിരെയും തികച്ചും ജനാധിപത്യപരമായ രീതിയിൽ സമരം നടത്തിയ വിദ്യാർത്ഥികളെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ പോലീസ് അതിനിഷ്ഠൂരമായി തല്ലിച്ചതയ്ക്കുകയും കൈകാലുകൾ അടിച്ചൊടിക്കുകയും

ചെയ്തിരിക്കുകയാണ്. ഒരേസമയം രണ്ടുവേതനം കൈപ്പറ്റി അഴിമതി നടത്തുകയും സർക്കാരിനേയും ജനങ്ങളേയും കബളിപ്പിക്കുകയും ചെയ്യുന്ന വി.സി.-യേയും യോഗ്യതയില്ലാത്ത വി.സി.-യേയുമൊക്കെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് സമരം നടത്തിയ കുട്ടികളെയാണ് പോലീസ് ശത്രുസൈന്യത്തെയെന്നവണ്ണം അതിക്രമിച്ചിരിക്കുന്നത്. ഇത് നമുക്കാകെ അപമാനകരമല്ലേ; സർവ്വകലാശാലകൾ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ കീർത്തിസ്തംഭങ്ങളായിരിക്കേണ്ടതല്ലേ; അതിന് നേതൃത്വം കൊടുക്കുന്നവർ മഹാപണ്ഡിതൻമാരും അതിപ്രഗത്ഭന്മാരുമൊക്കെയാകേണ്ടതല്ലേ? ഭരണ വൈജ്ഞാനിക മേഖലകളിൽ പ്രശസ്തിയുടെയും പ്രാഗൽഭ്യത്തിന്റെയും ഗിരിശൃംഗങ്ങൾ കീഴടക്കിയവരായിരുന്നു പഴയകാലത്ത് നമ്മുടെ സർവ്വകലാശാലകളുടെ അധിപൻമാരായിരുന്നത്. കേരള സർവ്വകലാശാല ആരംഭിച്ച ഘട്ടത്തിൽ ലോകോത്തര ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റിനെ ഇവിടെ കൊണ്ടുവരാൻ ശ്രമിച്ച നാടാണ് ഇത്. കേരള സർവ്വകലാശാലയിൽ വൈസ് ചാൻസലറായിരുന്ന ഡോ. സാമുവൽ മത്തായി അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ കാണാൻ സമയം ചോദിച്ചപ്പോൾ താൻ അങ്ങോട്ടുവന്ന് കണ്ടുകൊള്ളാമെന്നായിരുന്നു ഇ.എം.എസ്. നൽകിയ മറുപടി. ഇത്തരത്തിൽ അതിപ്രഗത്ഭരായ പണ്ഡിതശ്രേഷ്ഠൻമാർ സർവ്വകലാശാലകൾ നയിച്ച പാരമ്പര്യമാണ് നമ്മുടേത്. എന്നാൽ ഇപ്പോൾ നിങ്ങൾ നിയമിച്ച വൈസ് ചാൻസലറെ യോഗ്യതയില്ലെന്ന പേരിൽ ഗവർണ്ണർ പുറത്താക്കിയില്ലേ. കോഴിക്കോട് വൈസ് ചാൻസലറാണെങ്കിൽ രണ്ട് ശമ്പളമാണ് വാങ്ങുന്നത്. കണ്ണൂർ വി.സി.-യുടെ കാര്യമോ? അദ്ദേഹം പഠിച്ച് തുടങ്ങുന്നതിനുമുമ്പുതന്നെ ഡോക്ടറേറ്റ് നേടിയ മഹാനാണുപോലും.

ഇതെന്തൊരു നാണക്കേടാണ്. സർവ്വകലാശാലകൾ ഭരിക്കുന്നവർ വലിയ അഴിമതിക്കാരും വിദ്യാഭ്യാസ തട്ടിപ്പുകാരുമാണെന്നല്ലേ ഇത് തെളിയിക്കുന്നത്. നമ്മുടെ നാട്ടിൽ ഒരാൾക്ക് എൽ.ഡി. ക്ലാർക്കാകണമെങ്കിൽപ്പോലും നിശ്ചിത യോഗ്യത വേണ്ടേ? ആ സ്ഥാനത്താണ് തട്ടിപ്പുകാരും വെട്ടിപ്പുകാരും വിജ്ഞാനത്തിന്റെ കാര്യത്തിൽ വെറും പിശ്ശികളുമായ ചിലരെ ഈ സർക്കാർ സർവ്വകലാശാലയുടെ തലപ്പത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്. വിദ്യാഭ്യാസ പുരോഗതിയുടെ കാര്യത്തിൽ രാജ്യാന്തര ശ്രദ്ധ നേടിയ നാടാണ് നമ്മുടേത്. ഇത് നാടിനുതന്നെ അപമാനകരമല്ലേ; ഇങ്ങനെപോയാൽ ഈ സർക്കാർ അധികം വൈകാതെ സരിതാ എസ്. നായരേയും ബിജു രാധാകൃഷ്ണനേയും വൈസ് ചാൻസലർമാരാക്കി വാഴിച്ചാലും അതിൽ അൽഭുതപ്പെടാനുണ്ടോ? ബിജു രാധാകൃഷ്ണന്റെകൂടെ ഡോക്ടറെന്ന് വയ്ക്കാറുണ്ട്. ചെയ്ത സേവനത്തിന്റെ പേരിൽ സരിതയ്ക്ക് വേണമെങ്കിൽ ഒരു ഓണററി ഡോക്ടറേറ്റ് കൊടുത്ത് വി.സി. ആക്കാനും നിങ്ങൾ മടിക്കില്ല. നമ്മളൊക്കെ ഈ വക കാര്യങ്ങളിൽ ലജ്ജിക്കേണ്ടതല്ലേ? ഇത്തരം കാര്യങ്ങളുടെ പേരിൽ സമരം ചെയ്യുന്ന വിദ്യാർത്ഥികളെയാണ് ഈ സർക്കാരിന്റെ പോലീസ് തല്ലിച്ചതയ്ക്കുകയും അടിച്ചുതകർക്കുകയും കൈകാലുകൾ ഒടിക്കുകയും ചെയ്തത്. ഇത്രയും ഗൗരവകരമായ ഒരു പ്രശ്നം ചർച്ച ചെയ്യാൻപോലും കൂട്ടാക്കാത്ത സർക്കാർ ഈ അഴിമതിക്കാർക്കും വിദ്യാഭ്യാസ തട്ടിപ്പുകാർക്കും കൂട്ടുനിൽക്കുകയാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. ദിവാകരൻ</u> : സർ, വിദ്യാഭ്യാസ രംഗത്തുള്ള കെടുകാര്യസ്ഥതയും ഞെട്ടിപ്പിക്കുന്ന അഴിമതിയും അപമാനകരമായ നിയമനങ്ങളുമാണ് നമ്മുടെ കേരളത്തിലെ വിദ്യാർത്ഥികൾ മുന്നോട്ടുവച്ചിട്ടുള്ള ആവശ്യം. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ആവശ്യങ്ങൾക്കോ ആരോപണങ്ങൾക്കോ മറുപടി പറയാൻ ഗവൺമെന്റിന് സാധിച്ചില്ല. കാരണം എം.ജി യൂണിവേഴ്സിറ്റിയിലെ വി.സി. ക്ക് വ്യാജ സർട്ടിഫിക്കറ്റാണ് ഉള്ളതെന്ന് ചീഫ് സെക്രട്ടറിയാണ് എഴുതി കൊടുത്തത്. ഞങ്ങളല്ല പറഞ്ഞത്. അതീവ ഗുരുതരമായ പ്രശ്നങ്ങളാണ് ഇതിലുള്ളത്. വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ യൂണിവേഴ്സിറ്റികളുടെയെല്ലാം തലപ്പത്ത് ഇരിക്കുന്ന ആളുകൾ ബഹുമാനം അർഹിക്കുന്നവരല്ല. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അപമാനകരമാണ്. കോഴിക്കോട്ട് ഭീകരമായ മർദ്ദനം അഴിച്ചുവിട്ടതിന് ഒരു ന്യായീകരണവുമില്ല. ആരാണ് ആക്രമിച്ചത്; വിദ്യാർത്ഥികളാണോ; വിദ്യാർത്ഥികളുടെ കയ്യിൽ ജലപീരങ്കി ഉണ്ടായിരുന്നോ; ഗ്രനൈഡ് ഉണ്ടായിരുന്നോ; ആയുധങ്ങൾ ഉണ്ടായിരുന്നോ? ഇത്രയും പൈശാചികമായി വിദ്യാർത്ഥിവേട്ട നടത്തുന്നതിൽ സർവ്വകാല റിക്കാർഡാണ് സൃഷ്ടിച്ചിരിക്കുന്നത്. അതുമാത്രമല്ല കേരളത്തിലെ എല്ലാ ജനകീയ സമരങ്ങളെയും അടിച്ചമർത്തുകയാണ് ചെയ്യുന്നത്. ന്യായമായ കാര്യങ്ങൾ ഉന്നയിച്ച് ജനങ്ങൾ സമരം നടത്തിയാലും അവരെയും അടിച്ചമർത്തുകയാണ്. കേരളത്തിൽ ജനകീയ സമരത്തെ അടിച്ചമർത്താൻ പട്ടാളത്തെവരെ വിളിച്ച ഗവൺമെന്റാണ് നിങ്ങളുടേത്. വിദ്യാർത്ഥികളെ തല്ലി തകർത്തതും കൈയൊടിച്ചതൊന്നും വലിയ കാര്യമല്ല. എം.എൽ.എ. മാരുടെയും പ്രതിപക്ഷ നേതാവിന്റെയും ജാഥയ്ക്കുനേരെ ഗ്രനൈഡ് ഉപയോഗിച്ച

വരാണ് അപ്പുറത്തിരിക്കുന്ന ആളുകൾ. നിങ്ങൾ ഇവിടെ പട്ടാളത്തെ വിളിച്ചു. നിങ്ങളുടെ നയമെന്താണ്? ജനകീയ സമരങ്ങളുടെ നേർക്കുള്ള ഈ ഗവൺമെന്റിന്റെ നയമെന്താണ്? സമാധാനപരമായി സമരം നടത്തുന്നവരെ ഒരു പ്രകോപനവുമില്ലാതെ അടിക്കുകയാണ്. പട്ടികളെ തല്ലുന്നതുപോലെ തല്ലുകയാണ് ചെയ്തത്. ആരെയൊക്കെയോ വീഡിയോ കാണിച്ചുകൊടുക്കാമെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞത്. ചാനലിൽ ഞാൻ വ്യക്തമായി കണ്ടതാണ്. ഇങ്ങനെയാണോ കുട്ടികളെ അടിക്കുന്നത്? അവർ കുട്ടികളല്ലേ? കുട്ടികളുടെ നേരെ ഒരു പ്രത്യേക മനോഭാവം വേണ്ടതല്ലേ? പരീക്ഷയ്ക്ക് പോകുന്ന കുട്ടികളല്ലേ? അവരെ നോൺബെയിലബിൾ ആക്കിയാൽ, അവർക്ക് ജാമ്യമില്ലാതാക്കിയാൽ അവരുടെ ഭാവി തീർന്നില്ലേ? ജീവകാരുണ്യപരമായിട്ടെങ്കിലും ആ കേസ് കൈകാര്യം ചെയ്യുമ്പോൾ അങ്ങൊരു നിർദ്ദേശം കൊടുക്കണം. കോഴിക്കോട്ട് മർദ്ദനമേറ്റ ആളുകളെ നോൺബെയിലബിൾ ആയി, അവർക്ക് ജാമ്യം നിഷേധിക്കുന്ന രീതിയിലുള്ള കേസ്സുകളിൽ നിന്ന് അവരെ ഒഴിവാക്കണം. അവരുടെ ഭാവി തകർക്കരുത്. അവരുടെ കൈകാലുകൾ അടിച്ചൊടിച്ചതിന് ആരാണ് സമാധാനം പറയുന്നത്? ഇവിടെ ആരോ ഒരാളുടെ കയ്യിലൊരു പോറൽ ഏൽപ്പിച്ചതിന് പ്ലാസ്റ്റർ ഒട്ടിച്ചു കൊണ്ടുവന്ന ആളുകളുണ്ട്. എത്ര ഭീകരമാണ് ഈ മർദ്ദനം? ശ്രീ. രമേശ് ചെന്നിത്തലയെപ്പോലെ ഒരു വ്യക്തി ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഇവിടെയിങ്ങനെ ഈ പോലീസിനെ എന്തിനാണ് കയറൂരി വിട്ടിരിക്കുന്നത്? പോലീസിന്റെ ജോലി ഇപ്പോൾ കാണുന്നില്ലേ? നിങ്ങൾ ആകെ ചെയ്യുന്ന ഒരു ചെറിയ കാര്യം, ഒരു വലിയ കാര്യം, ഒരു നല്ല കാര്യം ഓപ്പറേഷൻ കുബേരയാണ്. അത് ഞങ്ങളെല്ലാം സമ്മതിച്ചു. പക്ഷേ, ഓപ്പറേഷൻ കുബേര ചെയ്യുന്ന നിങ്ങൾ വിദ്യാർത്ഥികളെ കയ്യിൽ

കിട്ടിയാൽ അടിച്ചു നാശമാക്കി കൊല്ലുകയാണ്. അത് ശരിയല്ല, പോലീസിന്റെ നയങ്ങളിൽ മൗലികമായ മാറ്റം വരുത്തണം. ജനകീയ സമര ങ്ങളുടെ നേർക്കുള്ള നിങ്ങളുടെ അസഹിഷ്ണുത അവസാനിപ്പിക്കണം. പ്രതിപക്ഷത്തിന് സമരം ചെയ്യാൻ പാടില്ലേ? വിദ്യാർത്ഥികൾ സമരം ചെയ്യാൻ പാടില്ലേ? നിങ്ങൾ ഈ സമരത്തെ ഏത് തരത്തിലാണ് കൈകാര്യം ചെയ്യാൻ പോകുന്നത്? നിയമപരമായി ഗ്രനൈഡ് ഉപയോഗിച്ച്, ജലപീരങ്കി ഉപയോഗിച്ച്, ലാത്തി ചാർജ്ജ് നടത്തി, പട്ടാളത്തെ വിളിച്ച് അങ്ങനെയാണോ സമരത്തെ നേരിടുന്നത്? അത് തീർച്ചയായും നിർഭാഗ്യകരമാണ്. വിദ്യാർത്ഥി കളെ കോഴിക്കോട്ട് മർദ്ദിച്ചതിന് യാതൊരു ന്യായീകരണവുമില്ല. സഭയിൽ ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതാണ്. പക്ഷേ, ഇത് സഭ അംഗീകരിക്കുന്നില്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യാമോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ </u>: ഇല്ല.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, കേരളത്തിലെ സർവ്വകലാശാലകളുടെ നിലവാരവും അന്തസ്സും വിശ്വാസ്യതയും ഓരോ ദിവസവും ഇടിഞ്ഞിടിഞ്ഞ് താഴേയ്ക്ക് വരുന്നു എന്ന ആപത്കരമായ സ്ഥിതിവിശേഷമാണ് ഈ പ്രശ്നങ്ങളുടെ തുടക്കം. വൈസ് ചാൻസലർമാരെ നിയമിക്കുന്നതിൽ അക്കാഡമിക് പരിഗണനയെക്കാൾ കൂടുതലായി മറ്റ് പരിഗണനകൾ കൊടുത്തുവരുന്നതുകൊണ്ടാണ് സമരമുണ്ടായത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയായാലും കോഴിക്കോട് സർവ്വകലാശാലയായാലും കണ്ണൂർ

സർവ്വകലാശാലയായാലും ഇവിടുത്തെയൊക്കെ വൈസ്ചാൻസലർമാരുടെ നിലവാരം, അവരുടെ വിശ്വാസ്യതയേയും, ക്രെഡിബിലിറ്റിയേയും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത് മൂന്നാമത്തെ ആഭ്യന്തര വകുപ്പുമന്ത്രിയാണ്. ആദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിനുശേഷം ബഹുമാന്യനായ തിരുവഞ്ചൂർ രാധാ കൃഷ്ണനും ഇപ്പോൾ ബഹുമാന്യനായ രമേശ് ചെന്നിത്തലയും – ഈ മൂന്നു പേരും വിദ്യാർത്ഥി സംഘടനാ പ്രവർത്തകരായിരുന്ന ആളുകളാണ്. വിദ്യാർത്ഥി സമരങ്ങളോട് സ്വീകരിക്കേണ്ട ഒരു പൊതു സമീപനം മൂന്നു ആഭ്യന്തര മന്ത്രിമാരുടെ കാലഘട്ടത്തിലും കേരളം കാണുന്നില്ല എന്നത് അങ്ങേയറ്റം ഖേദകരമാണ്. എല്ലാ വിദ്യാർത്ഥി സമരങ്ങളും സമാധാനപര മായി നടക്കുന്നു എന്നൊന്നും ഞാൻ പറയില്ല. ചിലപ്പോൾ അക്രമങ്ങളുണ്ടാ കും. അക്രമങ്ങളുണ്ടാകുമ്പോൾ അക്രമങ്ങൾ തടയാൻ വേണ്ടി പോലീസ് പ്രതിരോധം സൃഷ്ടിക്കണം, വേണ്ട എന്നൊന്നും ഞങ്ങൾ പറയില്ല. എന്നാൽ ഇവിടെ കാണുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോഴും ഇപ്പോഴും ബലംകൊണ്ട് കീഴ്പ്പെടുത്തിയതിനു ശേഷവും അല്ലെങ്കിൽ വിദ്യാർത്ഥി സമരക്കാർ കീഴ്പ്പെട്ടതിനുശേഷവും സറണ്ടർ പറഞ്ഞതിനുശേഷവും അവരെ അടിക്കുകയാണ് ചെയ്യുന്നത്. അതിന്റെ ആവശ്യം എന്താണ്? പരിപൂർണ്ണമായി ഞങ്ങൾക്ക് കീഴ്പ്പെട്ടിരി ക്കുന്നു എന്ന് പറഞ്ഞ് പോലീസിനുമുമ്പിൽ നിൽക്കുന്ന ഒരു വിദ്യാർത്ഥിയുടെ തലയ്ക്കടിക്കുന്നതിന്റെയും കയ്യൊടിക്കേണ്ടതിന്റെയും കാര്യമെന്താണ്? പോലീസിന് ഇത്തരം സമരങ്ങളിൽ ഏത് പരിധിവരെ പോകാം എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി

ഒരു ലക്ഷ്മണരേഖ കൊടുക്കണം. സമരങ്ങളിൽ അക്രമങ്ങൾ അനുവദിച്ചു കൊടുക്കണമെന്നൊന്നും ഞങ്ങൾ പറയുന്നില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അത് വ്യക്തമായിത്തന്നെ കൊടുത്തിട്ടുണ്ട്. പ്രത്യേകിച്ച് വിദ്യാർത്ഥി സമരങ്ങളോട് വളരെ ലീനിയൻസി കാണിക്കണമെന്നും മാത്രമല്ല വിദ്യാർത്ഥികൾ താഴെ വീണു കിടന്നാൽ അവരെ മർദ്ദിക്കാൻ പാടില്ല തുടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായതിനുശേഷം കർശനമായി ത്തന്നെ നൽകിയിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ പോലീസിനുനേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുമ്പോൾ ചിലപ്പോൾ പോലീസിന് പ്രതിരോധം തീർക്കേണ്ടി വരും. നിങ്ങളും ഭരണരംഗത്ത് ഇരുന്ന ആളുകളാണ്. അല്ലാതെ മന:പൂർവ്വമായി താഴെ വീണു കിടക്കുന്ന വിദ്യാർത്ഥികളെ മർദ്ദിക്കരുതെന്ന പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങയുടെ അഭിപ്രായം മാനിച്ച് വീണ്ടും അത് ആവർത്തിക്കുന്നതാണ്.

ശ്രീ. മാത്യു. ടി. തോമസ് : സർ, സമരം നടക്കുന്നിടത്ത് സമരക്കാർ അക്രമികളായി മാറിയാൽ പോലീസ് പ്രതിരോധം തീർക്കണം. അതിനാണ് പോലീസ്, പോലീസ് പോലീസാകണം. നേരത്തെ നിയമസഭയിൽ ഉണ്ടായിട്ടുള്ള സമരങ്ങൾ കണ്ടപ്പോൾ പറഞ്ഞിട്ടുള്ളതാണ്. ഇതിന്റെ ക്ലിപ്പിംഗ്സ് ഞാൻ കണ്ടിട്ടില്ല. കീഴ്പ്പെട്ടതിനുശേഷം അല്ലെങ്കിൽ കീഴ്പ്പെടുത്തിയതിനുശേഷം ഇനി അവരെക്കൊണ്ട് ഒന്നും ആവില്ല എന്ന തരത്തിലേയ്ക്ക് വിദ്യാർത്ഥി മാറിയതിനുശേഷം അവരെ തല്ലുക, അവരുടെ തലയ്ക്കടിച്ചു കൊല്ലുക, അവരുടെ കയ്യൊടിക്കുക ഇതൊക്കെയാണ് ചെയ്യുന്നത്. ഈ കാര്യത്തിൽ അങ്ങ് ഒരു നിർദ്ദേശം കൊടുക്കാമെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അത്തരത്തിലുള്ള നടപടി തന്നെയുണ്ടാകണം.

രണ്ടാമത് ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. അങ്ങനെ ഒരു വിദ്യാർത്ഥി നേതാവ്, എസ്.എഫ്.ഐ.യുടെ സംസ്ഥാന സെക്രട്ടറിയടക്കം, മറ്റ് നേതാക്കന്മാർ ഇത്തരം സംഭവങ്ങളിൽ ഉൾപ്പെട്ടുകഴിഞ്ഞാൽ ഏത് തരത്തിൽ അവരെ ഉപദ്രവിക്കണമെന്ന തരത്തിലാകരുത് കേസ്. കേസ്സിന് അങ്ങ് പറഞ്ഞ വകുപ്പുകൾ കണ്ടിട്ട്, കേരളത്തിൽ ഇനി ഒരു വകുപ്പും അവരുടെ മേൽ ചുമത്താനില്ല. ഏതു തരത്തിൽ അവർ ജയിലിൽ കിടക്കണം, ജാമ്യം കിട്ടാതെ കിടക്കണം എന്ന ലക്ഷ്യം പോലീസുകാർക്ക് ഉണ്ടാകുമ്പോൾ.... വിദ്യാർത്ഥി നേതാക്കളോട് അത്തരത്തിലുള്ള സമീപനമല്ല, അവർ ഉന്നയിക്കുന്ന ആവശ്യങ്ങളുടെ ന്യായാന്യായങ്ങൾ എല്ലാം പരിശോധിച്ച്, പോലീസിന് ഇടപെടാൻ സാധിക്കില്ലെന്ന് ഞാൻ സമ്മതിക്കുന്നു, പക്ഷെ, ഒരു പൊതു കാര്യത്തിനുവേണ്ടി സമരരംഗത്തുള്ള വിദ്യാർത്ഥികൾ പൊതുരംഗത്ത് ത്യാഗം അനുഭവിക്കാൻ വന്നവരാണെന്ന ഒരു സമീപനം ഉണ്ടാകണം. ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ വൈമുഖ്യം കാണിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ നിയമസഭാ കക്ഷിയിലെ സഹപ്രവർത്തകരും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ സർവ്വകലാശാലകൾ അപമാനം മാത്രമാണ് സമൂഹത്തിന് ഇപ്പോൾ കാഴ്ചവയ്ക്കുന്നത്. ഈ അപമാനം പരിഹരിക്കുന്നതിനുള്ള ഒരു നീക്കവും ഭരണകൂടത്തിന്റെ ഭാഗത്തു നിന്നുണ്ടാകാതെ വരുമ്പോൾ ജനകീയ പ്രക്ഷോഭങ്ങളല്ലാതെ മറ്റെന്തെങ്കിലും പോംവഴിയുണ്ട് എന്ന് ആഭ്യന്തരമന്ത്രിക്ക് തോന്നുമെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെയാണ് വിദ്യാർത്ഥികൾ സമരത്തിലേക്ക് വന്നത്. വിദ്യാർത്ഥി

സമരങ്ങളോട് പ്രത്യേക നിലപാട് വേണമെന്നും അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ആഭ്യന്തരമന്ത്രി ഇവിടെ ആവർത്തിച്ചു. അങ്ങനെയാണെങ്കിൽ അങ്ങയുടെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ആ നിർദ്ദേശമനുസരിച്ചാണോ പോലീസ് അവിടെ പെരുമാറിയിട്ടുള്ളത്; അതാണ് പരിശോധിക്കേണ്ടത്. അങ്ങനെ പരിശോധിച്ചാൽ ജാമ്യംപോലും ലഭിക്കാൻ ഇടയില്ലാത്ത വകുപ്പുകൾ ചേർത്ത് കുട്ടികൾ ജയിലിൽ കിടന്നുകൊള്ളട്ടെ എല്ലാ കാലത്തും അവിടെത്തന്നെ നിന്നുകൊള്ളട്ടെ എന്ന നിഗമനത്തിലേക്ക് പോലീസ് എത്താനിടയായത് എന്തുകൊണ്ടാണ്? ഈ വക പ്രശ്നങ്ങളാണ് ചർച്ച ചെയ്യേണ്ടത്. ജനകീയ സമരങ്ങളെ മർദ്ദനംകൊണ്ട് അടിച്ചൊതുക്കാമെന്ന് കരുതുന്ന ഭരണാധികാരികൾ ഏകാധിപത്യ ഭരണാധികാരികളാണ് എന്ന് ആഭ്യന്തര വകുപ്പുമന്ത്രിയാകുന്നതിനുമുമ്പ് അങ്ങ് സംസാരിച്ചിട്ടുണ്ട്. അതു മറന്നുപോകാതെ ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമായ വിധത്തിൽ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാനാണ് ശ്രമിക്കേണ്ടത്. അങ്ങനെ ശ്രമിക്കുന്നതിനു പകരം പ്രശ്നംപോലും ചർച്ച ചെയ്യാൻ തയ്യാറല്ല എന്ന ഗവൺമെന്റിന്റെ നിലപാട് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ആ ദൗർഭാഗ്യകരമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)